"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പാർലമെന്ററികാര്യ വകുപ്പ് -പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കെ.എൽ.01.ബി.എം.2995 നമ്പർ വാഹനത്തിന് അറ്റകുറ്റ പണികൾ ചെയ്ത വകയിൽ ചെലവായ തുക Teatics Ltd-ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പാർലമെന്ററികാര്യ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.4/2024/PAD തീയതി,തിരുവനന്തപുരം, 12-02-2024

---

പരാമർശം:-

1. ഡ്രൈവർ ശ്രീ.ഷാഫി.എ.എൻ-ന്റെ 31.10.2023 തീയതിയിലെ അപേക്ഷ.
2. 02.12.2023 ലെ PAD-A2/81/2023-PAD നമ്പർ സർക്കാർ കത്ത്.
3. പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ 16.12.2023 ലെ 62/T/174 നമ്പർ കത്ത്.
4. Teatics Ltd-ന്റെ 16.01.2024 ലെ TC000920 നമ്പർ ഇൻവോയ്സ്.
5. പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ 01.02.2024 ലെ 62/T/174 നമ്പർ കത്ത്.

**ഉത്തരവ്**

പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കെ.എൽ. 01.ബി.എം.2995 നമ്പർ വാഹനത്തിന് വിവിധ അറ്റകുറ്റ പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം വാഹനത്തിന്റെ ഡ്രൈവർ ശ്രീ.ഷാഫി എ.എൻ അഭ്യർത്ഥിച്ചിരുന്നു. വാഹനം റിപ്പയർ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ Teatics Ltd-ന്റെ ക്വട്ടേഷൻ സ്വീകരിക്കുന്നതിനുള്ള അഭിപ്രായം ലഭ്യമാക്കുന്നതിനും ആവശ്യമായ പണികൾക്കുള്ള എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും പരാമർശം (2) പ്രകാരം പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറോട് ആവശ്യപ്പെടുകയും 33,262/-രൂപ(മുപ്പത്തി മൂന്നായിരത്തി ഇരുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) അനുവദിക്കാമെന്ന് പരാമർശം (3) പ്രകാരം പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ Teatics Ltd പരാമർശം (4) പ്രകാരമുള്ള ഇൻവോയ്സ് ലഭ്യമാക്കിയിരുന്നു.

2. തുടർന്ന് പ്രസ്തുത ബില്ലിന്മേലുള്ള പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ പരാമർശം (5) പ്രകാരമുള്ള സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കെ.എൽ.01.ബി.എം. 2995 നമ്പർ വാഹനത്തിന് അറ്റകുറ്റ പണികൾ ചെയ്ത വകയിൽ

ചെലവായ ഇൻവോയ്സ് തുകയായ 33,262/-രൂപ (മുപ്പത്തി മൂന്നായിരത്തി ഇരുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) നടപ്പു സാമ്പത്തികവർഷം "2052-00-090-99-21-MV2" ശീർഷകത്തിൽ നിന്നും Teatics ലിമിറ്റഡിന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ സൂചിപ്പിച്ച പ്രകാരം 33,262/-രൂപ (മുപ്പത്തി മൂന്നായിരത്തി ഇരുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) Teatics ലിമിറ്റഡിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-യുടെ ചെന്തിട്ട ബ്രാഞ്ചിലെ 57003726731 (IFSC Code: SBIN0070295) എന്ന അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുവാനുള്ള നടപടി പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
E.P. SAJEEV
സ്പെഷ്യൽ സെക്രട്ടറി

1. മാനേജർ, Teatics ലിമിറ്റഡ്, C.I.T റോഡ്, കിള്ളിപ്പാലം,തിരുവനന്തപുരം-695002.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. സബ്ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ്ട്രഷറി, തിരുവനന്തപുരം.
5. പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ്.(ഇൻവോയിസുകൾ സഹിതം)
6. ശ്രീ.ഷാഫി എ.എൻ, ഡ്രൈവർ, പാർലമെൻറികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
7. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
S Feroskhan
സെക്ഷൻ ഓഫീസർ
Date: 12-02-2024 16:04:33